**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3023** **18-03-2022 - ൽ മറുപടിയ്ക്ക്**

**കളത്തിൻകടവ് റഗുലേറ്റർ കം ഫുട്ട് ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നഗരസഭയിലെ ചാലിയാർ പുഴയ്ക്ക് കുറുകെയായി കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിച്ചിരുന്ന കളത്തിൻകടവ് റഗുലേറ്റർ കം ഫുട്ട് ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ അവസ്ഥയും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൻകടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ. ന് സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD തീയതി 30.10.2018 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ₹54 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.കളായ ഓടയ്ക്കൽ ആർ.സി.ബി. യുടെയും പൂക്കോട്ടുമന ആർ.സി.ബി.യുടെയും ഇടയിലായിട്ടാണ് പ്രസ്തുത റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2019 ഓഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.കൾക്ക് വെള്ളപൊക്കം മൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദിതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ, റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് സുരക്ഷിതമായി നിർമ്മിക്കുന്നതിന് നിലവിലെ രൂപകൽപ്പന പര്യാപ്തമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രദേശത്ത് വീണ്ടുമൊരു റെഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ ഒരു പ്രക്ഷോഭം നടത്തുകയും ചെയ്തു. ഇത് മൂലം മുൻ ജലസേചന വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് തന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതു സംബന്ധമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിലമ്പൂർ നഗരസഭ, അമരമ്പലം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ ജല സ്രോതസ്സ് എന്ന നിലയ്ക്ക് വേനൽക്കാലത്ത് ജലസാന്നിദ്ധ്യം ഉറപ്പാക്കാൻ കളത്തിൻകടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൻകടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ. ന് സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD തീയതി 30.10.2018 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ₹54 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.കളായ ഓടായ്ക്കൽ ആർ.സി.ബി. യുടെയും പൂക്കോട്ടുമന ആർ.സി.ബി.യുടെയും ഇടയിലായിട്ടാണ് പ്രസ്തുത റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2019 ഓഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.കൾക്ക് വെള്ളപൊക്കം മൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദിതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ, റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് സുരക്ഷിതമായി നിർമ്മിക്കുന്നതിന് നിലവിലെ രൂപകൽപ്പന പര്യാപ്തമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രദേശത്ത് വീണ്ടുമൊരു റെഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ ഒരു പ്രക്ഷോഭം നടത്തുകയും ചെയ്തു. ഇത് മൂലം മുൻ ജലസേചന വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് തന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതു സംബന്ധമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ